(ബി) തയ്യൽ തൊഴിലാളി ക്ഷേമ നിധി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം തയ്യൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപ്രകാരം 230 തയ്യൽ സ്ഥാപനങ്ങൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) പരിഗണിക്കാം. ഇതിനായി സഹകരണബാങ്കുകൾ കളക്ഷൻ ബാങ്കുകളുടെ പാനലിൽ ഉൾപ്പെടുത്തുന്നതിനായി ബോർഡിനോട് ആവശ്യപ്പെടേണ്ടതുണ്ട്.

(ഡി) ഉണ്ട്. അംഗങ്ങളുടെ ആദ്യ പെൺകുട്ടിയുടേയും വനിതാ അംഗങ്ങളുടെയും വിവാഹത്തിന് 1000 രൂപ ധനസഹായമായും രണ്ടാമത്തെ പെൺകുട്ടിയുടെ വിവാഹത്തിന് അംഗം അടച്ചിട്ടുള്ള തുകയിൽ നിന്ന് 1000 രൂപ തിരിച്ച് പിടിക്കേണ്ടതല്ലാത്ത അഡ്വാൻസായും നല്കുന്നതിന് പദ്ധതിയിൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. കൂടാതെ അംഗങ്ങളുടെ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കൂടി സ്കോളർഷിപ്പ് ബാധകമാക്കുന്ന കാര്യവും പരിശോധിച്ച് വരുന്നു.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) 2,09,323 പേർ.

വ്യവസായ സ്ഥാനങ്ങളിലെ ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം

23 (*503) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ട്രേഡ് യൂണിയനുകളുടെ പെരുപ്പം നിയന്ത്രിക്കുന്നതിന് എല്ലാ വ്യവസായ സ്ഥാപനങ്ങളിലും 'റഫറണ്ടം' നടത്താൻ നടപടി സ്വീകരിക്കുമോ ;

(സി) ട്രേഡ് യൂണിയനുകളുടെ റഫറണ്ടത്തിൽ അംഗീകാരം ലഭിക്കുന്നതിന് എത്ര ശതമാനം വോട്ടാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) റഫറണ്ടം നടത്താത്ത വ്യവസായ സ്ഥാപനങ്ങളുടെ ഉടമകളുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഇ) ട്രേഡ് യൂണിയനുകളുടെ അംഗീകാരം സംബന്ധിച്ച് നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വ്യവസായ സ്ഥാപനങ്ങളുടെ ഭരണത്തിൽ മാനേജ്മെന്റും തൊഴിലാളി സംഘടനകളുമായി നല്ല ബന്ധം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളിലെ ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നല്കുന്നതിലേയ്ക്കായി പൊതുവായി അംഗീകരിക്കപ്പെട്ട ലിഖിത മാനദണ്ഡങ്ങൾ നിലവിലില്ല.

(ബി) എല്ലാ വ്യവസായ സ്ഥാപനങ്ങളിലും 'റഫണ്ടം' നടത്താൻ നിലവിലുള്ള നിയമങ്ങളിൽ വ്യവസ്ഥ ഇല്ല. ഇതു സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഡ്രാഫ്റ്റ് ബിൽ സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്.

(സി) ട്രേഡ് യൂണിയനുകളുടെ റഫറണ്ടത്തിന് അംഗീകാരം ലഭിക്കുന്നതിനു വേണ്ട വോട്ടിന്റെ ശതമാനം അതാതു സ്ഥാപനങ്ങളിലുണ്ടാക്കുന്ന കരാറു മുഖേനയാണ് നിശ്ചയിക്കുന്നത്.

(ഡി) റഫറണ്ടം നടത്താത്ത വ്യവസായ സ്ഥാപനങ്ങളുടെ ഉടമകളുടെ പേരിൽ നടപടി സ്വീകരിക്കുവാൻ 1947-ലെ തൊഴിൽ തർക്ക നിയമത്തിലോ 1926-ലെ ട്രേഡ് യൂണിയൻ നിയമത്തിലോ വ്യവസ്ഥകൾ ഒന്നും ഇല്ല.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കുന്നതിനായി വൈദ്യുതി ബിൽ-2000

24 (*504) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. എം. ദാസൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യയിലാകെ വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കുന്നതിനായി വൈദ്യുതി ബിൽ-2000എന്ന പേരിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതിആവിഷ്ക്കരിച്ചിട്ടുള്ളതായി അറിയാമോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന വൈദ്യുതി മന്ത്രിമാരുടെ യോഗത്തിൽ പ്രസ്തുത ബില്ലിന്റെ കരട് സംബന്ധിച്ച് ചർച്ച ചെയ്തിരുന്നുവോ ;

(സി) കേരള സംസ്ഥാന വൈദ്യുതി മന്ത്രി പ്രസ്തുത യോഗത്തിൽ സംബന്ധിച്ചിരുന്നുവോ ; എങ്കിൽ ഇക്കാര്യത്തെ സംബന്ധിച്ച് കേരള സർക്കാരിന്റെ നിലപാട് വിശദമാക്കിയിരുന്നുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly